(സി) ഇന്ത്യൻ റീഫാബിലിറ്റേഷൻ കൗൺസിൽ അല്ലാതെ സംസ്ഥാന തലത്തിൽ മറ്റു കൗൺസിലുകൾ ഉള്ളതായി അറിവില്ല.

(ഡി) മെഡിക്കൽ അനുബന്ധ കോഴ്സുകളുടെ കൂട്ടത്തിൽ മെഡിക്കൽ യൂണിവേഴ്സിറ്റി നിയമത്തിൽ ഫിസിയോതെറാപ്പി വിഭാഗത്തെയും പരിഗണിക്കാവുന്നതാണ്.

ആരോഗ്യ സർവകലാശാലയിലെ അഡ്മിഷൻ നടപടികൾ

48 (497) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ ഏതെല്ലാം ;

(ബി) ആരോഗ്യ സർവ്വകലാശാലയിലും അതിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലും അടുത്ത അദ്ധ്യയനവർഷം മുതൽ ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നത് ;

(സി) ഇതിലേക്ക് പ്രവേശനം നടത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(ഡി) ആരോഗ്യ സർവ്വകലാശാലയിലും അതിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലും അടുത്ത അദ്ധ്യയനവർഷം മുതൽ നടത്തുന്ന കോഴ്സുകൾക്കായുള്ള പ്രവേശനത്തിനുള്ള അപേക്ഷ എന്നുമുതൽക്കാണ് സ്വീകരിക്കുന്നത് ;

(ഇ) ഇതിലേക്ക് പ്രവേശന പരീക്ഷ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നാണ് ;

(എഫ്) പ്രവേശനത്തിന് പിന്നോക്ക സമുദായക്കാർക്കും എസ്.സി./എസ്.ടി. വിഭാഗക്കാരായ കുട്ടികൾക്കും സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ജി) ഈ അദ്ധ്യയനവർഷത്തെ വിവിധ കോഴ്സുകൾക്കുള്ള പ്രവേശനം എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി-ഇ) ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ മെഡിക്കൽ, ദന്തൽ, ആയുർവേദം, സിദ്ധ, ഹോമിയോപ്പതി, നഴ്സിംഗ്, മറ്റ് പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയാണ് നടത്തിവരുന്നത്. ഈ കോഴ്സുകളിലേയ്ക്ക് സർക്കാർ സ്ഥാപനങ്ങളിൽ പൊതുപ്രവേശന പരീക്ഷയിലൂടെയും സർക്കാരുമായി കരാർ ഒപ്പുവച്ചിട്ടുള്ള സ്ഥാപനങ്ങളിൽ 50% മെരിറ്റ് സീറ്റുകളിലേക്ക് പൊതു പ്രവേശന പരീക്ഷയിലൂടെയും മറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ സ്വന്തം നിലയ്ക്കുമാണ് മെഡിക്കൽ, ദന്തൽ, ആയുർവേദം, സിദ്ധ, ഹോമിയോപ്പതി കോഴ്സുകൾക്ക് പ്രവേശനം നടത്തുന്നത്. നഴ്സിംഗ് മറ്റ് പാരാമെഡിക്കൽ കോഴ്സുകളിലേക്ക് മെരിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്.

(എഫ്) പ്രവേശനത്തിന് പിന്നോക്ക സമുദായക്കാർക്കും എസ്സി./എസ്ടി. വിഭാഗക്കാർക്കും ഇപ്പോൾത്തന്നെ സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മാറ്റം വരുത്തിയിട്ടില്ല.

(ജി) ഈ അദ്ധ്യയന വർഷത്തെ പ്രവേശന നടപടികൾ ബന്ധപ്പെട്ട കേന്ദ്ര കൗൺസിലുകളുടെ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് പൂർത്തിയാക്കുന്നത്.

ആരോഗ്യ സർവകലാശാല

49 (498) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. അച്യുതൻ :
ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ച ആരോഗ്യ സർവ്വകലാശാലയിൽ ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) വൈദ്യശാസ്ത്രത്തിന്റെ പുതിയ സാദ്ധ്യതകൾക്കനുസൃതമായി ഈ സർവ്വകലാശാലയിലെ കോഴ്സുകളിലും പാഠ്യപദ്ധതികളിലും എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് നടപടി കൈക്കൊണ്ടിട്ടുള്ളത് ;

(സി) ഈ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ഡി) സംസ്ഥാനത്തെ പൊതുജനാരോഗ്യപരിപാലനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ എന്തൊക്കെ കർമ്മപരിപാടികൾ ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഇതിനായി എന്തൊക്കെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് പ്രഗൽഭ വ്യക്തികളെ പങ്കെടുപ്പിച്ച് ഒരു സെമിനാർ നടത്തുകയുണ്ടായി. ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly